KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

05-03-2010

# റെഡ് റിബൺ എക്സ്പ്രസ് ആലുവയിൽ

കൊച്ചി: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായി റെഡ് റിബൺ എക്സ്പ്രസ് രണ്ടു ദിവസത്തെ പ്രദർശനത്തിനായി ആലുവയിലെത്തി. നൂറു കണക്കിനാളുകളുടെ സാന്നിധ്യത്തിൽ ആലുവ റെയിൽവേ സ്റ്റേഷനിൽ ചേർന്ന ചടങ്ങിൽ മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് കെ. സുകുമാരൻ റെഡ് റിബൺ എക്സ്പ്രസ് പ്രചാരണ പരിപാടി ഉദ്ഘാടനം ചെയ്തു.

ആലുവ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ അഡ്വ. സ്മിത ഗോപിയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.ടി രമണി, എറണാകുളം റൂറൽ എ.എസ്.പി ജയനാഥ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഫ്രാൻസിസ് തോമസ്, എസ്.എൻ.ഡി.പി യോഗം സംസ്ഥാന പ്രസിഡന്റ് ഡോ. എം.എൻ സോമൻ, റെയിൽവെ എറണാകുളം മേഖല ജനറൽ മാനേജർ ജോർജ് ജോൺ, ഡെപ്യൂട്ടി ഡി.എം.ഒ ഡോ. പീതാംബരൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ.വി ബീന, ഐ.എം.എ പ്രസിഡന്റ് ഡോ. ജി. ബാബു, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ചെയർമാൻ ഡോ. ഹൈദരാലി, ജില്ലാ നോഡൽ ഓഫീസർ വി.ജെ നിജോ, നെഹ്റു യുവകേന്ദ്ര ജില്ലാ കോ-ഓർഡിനേറ്റർ മോളി, ആലുവ ഗവൺമെന്റ് ഹോസ്പിറ്റൽ സൂപ്പർവൈസർ ഡോ. ഹസീന മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു.

റെഡ് റിബൺ എക്സ്പ്രസിനോട് അനുബന്ധിച്ചുള്ള ലൈഫ് ബസിന്റെ ഉദ്ഘാടനം ആലുവ മുൻസിപ്പാലിറ്റി വൈസ് ചെയർമാൻ അഡ്വ. വി. സലീം നിർവഹിച്ചു. തുടർന്ന് രണ്ട് ലൈഫ് ബസുകൾ ഗ്രാമങ്ങളിലേക്ക് യാത്ര തിരിച്ചു. ലൈഫ് ബസ് ഒരു ദിവസം മൂന്നു കേന്ദ്രങ്ങളിലാണ് സന്ദർശനം നടത്തുന്നത്. രണ്ടു ദിവസം കൊണ്ട് പന്ത്രണ്ടു കേന്ദ്രങ്ങളിലെത്തി എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ പകർന്നു നൽകും. കലാപരിപാടികൾ, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയ ഇതിന്റെ ഭാഗമായി ഉണ്ട്.

രണ്ടു ദിവസത്തെ സന്ദർശനം പൂർത്തിയാക്കിയ ശേഷം റെഡ് റിബൺ എക്സ്പ്രസ് എറണാകുളം സൗത്തിലേയ്ക്ക് യാത്ര തിരിക്കും. കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലും ട്രെയിൻ സന്ദർശനം നടത്തും. മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും.

എച്ച്ഐവി പ്രതിരോധത്തെക്കുറിച്ചും വിവിധ സേവനങ്ങളെക്കുറിച്ചും അവബോധം വളർത്തുക, എച്ച്ഐവി അണുബാധിതരോടുള്ള വിവേചനവും സാമൂഹ്യനിന്ദയും ഇല്ലാതാക്കുക, എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ പ്രതിരോധമാർഗങ്ങളെക്കുറിച്ചുള്ള ധാരണ സൃഷ്ടിക്കുക, ഗുണകരമായ ജീവിതശൈലിയും ആരോഗ്യകരമായ ശീലങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് റെഡ് റിബൺ എക്സ്പ്രസ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ലോക എയ്ഡ്സ് ദിനമായ 2009 ഡിസംബർ ഒന്നിന് ഡൽഹിയിൽ നിന്നാണ് ട്രെയിൻ യാത്രയാരംഭിച്ചത്.

പത്തു കോച്ചുകളുള്ള ട്രെയിനിൽ ബോധവത്കരണ പ്രദർശനം, പരിശീലന സംവിധാനം, ഡോക്ടർമാരും കൗൺസലർമാരും ഉൾപ്പെട്ട കൗൺസലിംഗ്- മെഡിക്കൽ സേവനങ്ങൾക്കുള്ള സംവിധാനം എന്നിവയുണ്ട്. അഞ്ചാം കോച്ചിലാണ് പരിശീലനം ഒരുക്കിയിരിക്കുന്നത്. ആറാം കോച്ചിൽ കൗൺസലിംഗും ജനനേന്ദ്രിയ രോഗചികിത്സയും കൂടാതെ സൗജന്യ എച്ച്ഐവി പരിശോധനയ്ക്കുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. റെഡ് റിബൺ എക്സ്പ്രസിലും പ്ലാറ്റ്ഫോമിലും പൊതുജനങ്ങൾക്ക് പ്രവേശനം സൗജനന്യമാണ്.

രാജീവ്ഗാന്ധി ഫൗണ്ടേഷൻ രൂപംകൊടുത്ത ഈ പ്രചാരണ പരിപാടി ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ആരോഗ്യകേരളം, നെഹ്റു യുവകേന്ദ്ര, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, വിവിധ കേന്ദ്ര - സംസ്ഥാന വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)